7
TUESDAY
MAY 2019

# ദുബായ് വാർത്ത

www.dubaivartha.com

A WHATSAPP NEWS PAPER



# ആദ്യ നോമ്പ്തുറ:

## അബുദാബി ശൈഖ് സായിദ് ഗ്രാൻഡ് മോസ്കിൽ ആയിരങ്ങൾ നോമ്പ് തുറന്നു.





**10 വലിയ തമ്പുകളിലും പള്ളിക്ക് പുറത്തെ വിശാലമായ പുൽമൈതാനിയിൽ സജ്ജീകരിച്ച സ്ഥലത്തുമാണ് നോമ്പ് തുറ ഒരുക്കിയത്.സ്ത്രീകൾക്ക് മാത്രമായി വിശാലമായ സൗകര്യം വേറെ തന്നെ ഒരുക്കിയിട്ടുണ്ട്.**

# കേരളത്തെ കേന്ദ്രം അവഗണിക്കുന്നെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ



**സർക്കാരിന് ശേഷിക്കുന്ന 2 വർഷം ദേശീയപാത വികസനം ഉണ്ടാവാതിരിക്കാൻ കേന്ദ്രം ശ്രമിക്കുകയാണെന്നും, മുടങ്ങിക്കിടന്ന പാത വികസനത്തിന് മുൻകയ്യെടുത്തത് ഇടതുസർക്കാരാണെന്നും പിണറായി വിജയൻ വാർത്താസമ്മേളത്തിൽ പറഞ്ഞു**

# വിമാനത്തിന്റെ ടയറിനടിയിൽപെട്ട് മലയാളി മരിച്ചു





**കുവൈത്ത് : കുവൈത്ത് എയർവേസ് ടെക്നീഷ്യനായ തിരുവനന്തപുരം കുറ്റിച്ചൽ പൊള്ളാട്ട്തി കോടം സ്വദേശി ആനന്ദ് രാമചന്ദ്രനാണ് മരിച്ചത്. തിങ്കളാഴ്ച വൈകീട്ട് പാർക്കിംഗ് ബേയിലേക്ക് കെട്ടി വലിച്ച് കൊണ്ട് പോകുന്നതിനിടെയുണ്ടായ സാങ്കേതിക തകരാറിനെ തുടർന്ന് വിമാനത്തിന്റെ മുൻ ചക്രം കയറിയിറങ്ങുകയായിരുന്നു.**

# ആത്മീയഗുരു ആനന്ദ് ഗിരി ആസ്ട്രേലിയയിൽ അറസ്റ്റിൽ:



ലൈംഗിക അതിക്രമത്തിന്റെ പേരിൽ സന്യാസി ആനന്ദ് ഗിരി ആസ്ട്രേലിയയിൽ അറസ്റ്റിലായി. 2016 ലും 2018 ലുമായി നടന്ന 2 വ്യത്യസ്ത സംഭവങ്ങളുടെ പേരിലുള്ള പരാതികളിലാണ് 38 വയസ്സുകാരനായ ആത്മീയ ഗുരുവിനെ ആസ്ട്രേലിയൻ പൊലീസ് അറസ്റ്റ് ചെയ്തത്.

# പി.സി.ജോർജിന്റെ നേതൃത്വത്തിൽ പുതിയ പാർട്ടി: ഷോൺ ജോർജ് ചെയർമാനാകും.

## അടുത്തവട്ടം പാലാ ലക്ഷ്യം



കേരള ജനപക്ഷം പിരിച്ചു വിട്ട് കേരള ജനപക്ഷം സെർക്കുലർ എന്ന പേരിൽ രാഷ്ട്രീയ പാർട്ടി രൂപീകരിക്കും. രക്ഷാധികാരി സ്ഥാനത്ത് മാത്രം തുടരുമെന്നു പി.സി.ജോർജ്

# ആക്രമിക്കപ്പെട്ടവളെ വീണ്ടും ആക്രമിക്കുകയാണ് ശ്രീനിവാസൻ : പി.ഗീത



നടിയെ ആക്രമിച്ച കേസിൽ ദിലീപിനെതിരെയുള്ള ആരോപണങ്ങൾ കെട്ടിച്ചമച്ചതാണെന്ന് പറഞ്ഞ ശ്രീനിവാസന് മറുപടിയുമായി എഴുത്തുകാരിയും ആക്ടിവിസ്റ്റുമായ പി. ഗീത. ഫേസ്ബുക്കിലൂടെയാണ് പി. ഗീതയുടെ മറുപടി. താങ്കളുടെ സഹപ്രവർത്തക അനുഭവിച്ചുകൊണ്ടിരിക്കുന്ന അപമാനവും തീവ്ര വേദനയും താങ്കളുടെ എല്ലാ സങ്കല്പങ്ങൾക്കും അപ്പുറത്തുള്ളതാണെന്ന് ദയവായി അറിഞ്ഞാലും. ആക്രമിക്കപ്പെട്ടവളെ വീണ്ടും ആക്രമിക്കുന്ന ഒരു ക്രൂര പുരുഷനായി മാറരുതെന്നും പി. ഗീത പോസ്റ്റിലൂടെ പറയുന്നു.



# പൊലീസ് ബാലറ്റിലെ ക്രമക്കേട്:

## റിപ്പോർട്ട് മുഖ്യതിരഞ്ഞെടുപ്പ് ഓഫിസർക്കു കൈമാറി.




വിഷയത്തിൽ കർശന നടപടിക്ക് ശുപാർശയുണ്ടെന്ന് ഡിജിപി ലോക്നാഥ് ബെഹ്റ പറഞ്ഞു. പൊലീസ് അസോസിയേഷൻ നേതാക്കന്മാർ ഇടപെട്ട് കൂട്ടത്തോടെ പോസ്റ്റൽ വോട്ടുകൾ സമാഹരിച്ച് വോട്ട് അട്ടിമറിച്ചെന്നായിരുന്നു പരാതി. ഇതേത്തുടർന്ന് ചീഫ് ഇലക്ടറൽ ഓഫിസർ ടിക്കാറാം മീണ ഡിജിപിയോടു റിപ്പോർട്ട് ആവശ്യപ്പെടുകയായിരുന്നു.

## കേരളത്തിൽ നിന്നുള്ള ആദ്യ ഹജ് വിമാനം ജൂലൈ 7ന് കരിപ്പൂരിൽ നിന്ന്.



ആദ്യ ഹജ്ജ് വിമാനം ജൂലൈ 7 ന് രാവിലെ 7.10ന് കോഴിക്കോട് വിമാനത്താവളത്തിൽ ഫ്ളാഗ് ഓഫ് ചെയ്യും. 4 വർഷത്തിന് ശേഷമാണ് കരിപ്പൂരിൽ നിന്ന് ഹജ് വിമാനം പുറപ്പെടുന്നത്

## റെക്കോർഡിട്ട് മദ്യവിൽപന;

### ഏറ്റവുമധികം വിറ്റത് പ്രളയമാസത്തിൽ.





കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് വിറ്റത് 14,508 കോടി രൂപയുടെ മദ്യം. കഴിഞ്ഞ സാമ്പത്തിക വർഷം മദ്യം വിറ്റുകിട്ടിയ ആകെ തുകയിൽ 1,264 കോടി രൂപയുടെ മദ്യം വിറ്റത് കേരളം പ്രളയത്തിൽ മുങ്ങിയ ഓഗസ്റ്റ് മാസത്തിലാണ്.

## ലങ്കയിലെ ഭീകരതാവളത്തിൽ 38 ചാവേറുകൾക്ക് പരിശീലനം കിട്ടി.



ശ്രീലങ്കയിലെ നുവാര എലിയ പ്രദേശത്തെ ബ്ലാക്ക്പൂളിലാണ് ഭീകരരുടെ പരിശീലനകേന്ദ്രം പ്രവർത്തിച്ചിരുന്നത്. ഭീകരാക്രമണം നടത്തിയെന്നു സംശയിക്കുന്ന നാഷനൽ തൗഹീദ് ജമഅത്ത് (എൻടിജെ) എന്ന സംഘടനയിലെ 38 പേർക്ക് ഇവിടെ പരിശീലനം ലഭിച്ചിരുന്നുവെന്നാണ് സൂചന.

## യു എ ഇയിലെ ഇന്നത്തെ നോമ്പുതുറസമയം

| ദുബായ് | അബുദാബി | ഷാർജ | അജ്മാൻ | ഫുജൈറ | റാസ് അൽഖൈമ | ഉമ്മൽ ഖ്വെയിൻ |
|---|---|---|---|---|---|---|
| 6.55 PM | 6.59 PM | 6.55 PM | 6.55 PM | 6.49 PM | 6.51 PM | 6.51 PM |